"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പത്മരാജൻ പി.ടി.യ്ക്കെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.799/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/04/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.01.2016-ലെ ഇ12(വിഇ 01/2014/കെകെഡി) 19588/2014 നമ്പർ കത്ത്

2 സർക്കാരിന്റെ 28.11.2016-ലെ 149/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. പത്മരാജൻ പി.ടി. സമർപ്പിച്ച 21.03.2017-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 15.12.2017-ലെ ഡി1-35460/16 നമ്പർ കത്ത്

5 സ.ഉ.(സാധാ) നം.1554/2018/തസ്വഭവ തീയതി 07.06.2018

6 പഞ്ചായത്ത് ഡയറക്ടറുടെ 03.08.2018-ലെ ഡി1-35460/16 നമ്പർ കത്ത്

7 സ.ഉ.(സാധാ) നം.1578/2019/തസ്വഭവ തീയതി 25.07.2019

8 സർക്കാരിന്റെ 27.09.2019-ലെ ഇപിബി3/149/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

9 ശ്രീ. പത്മരാജൻ പി.ടി. സമർപ്പിച്ച 26.11.2019-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതകൾക്കായി തൊഴിൽ പരിശീലനം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടത്തിയെന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പയ്യോളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപ്പെട്ട 60 വനിതകൾക്ക് ഖാദിത്തുണി നെയ്ത്തിനും നൂൽ നൂൽപ്പിനും സ്ഥിരമായി തൊഴിൽ സൗകര്യം ഒരുക്കുന്നതിന് പദ്ധതി നമ്പർ 214/12 ആയി തൊഴിൽ പരിശീലനവും ഉപകരണം വാങ്ങലും (വനിത-പട്ടികജാതി) സംയുക്തം എന്ന പദ്ധതിയ്ക്ക് രൂപം നല്കുകയും 2011-12വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ എസ്.സി.പി. വിഹിതം 6,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 17,00,000/- രൂപയും ഉൾപ്പെടെ 23,00,000/-രൂപ അടങ്കലായി വകയിരുത്തുകയും ചെയ്തിരുന്നു. ടി പ്രൊജക്റ്റ് നടപ്പിലാക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നും മേൽനോട്ട വീഴ്ച ഉണ്ടായി, ടെണ്ടർ പ്രൊസീജ്യർ പാലിക്കുന്നതിൽ വീഴ്ചയുണ്ടായി, അതു പോലെ തന്നെ ടി പ്രോജക്റ്റിൽ നെയ്ത്ത് എന്നതിൽ നിന്നും സ്പിന്നിംഗ് എന്നതിലേയ്ക്ക് മാറ്റിയതിലും കേരളത്തിൽ ലഭ്യമല്ലാത്ത ചർക്ക വാങ്ങുവാൻ തീരുമാനമെടുത്തതിലും സെക്രട്ടറി കുറ്റക്കാരനാണ് എന്നിവയാണ് പ്രധാന ആരോപണങ്ങൾ. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പയ്യോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായ ശ്രീ. പത്മരാജൻ പി.ടി.യ്ക്കെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. പത്മരാജൻ പി.ടി. പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

പ്രോജക്ടിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് സാങ്കേതികാനുമതി സംബന്ധിച്ചുമുള്ള മാനദണ്ഡങ്ങളും, ധനകാര്യ നിബന്ധനകളും അനിവാര്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് സാക്ഷ്യപത്രത്തിൽ സെക്രട്ടറി ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയതെന്നും, ജോലിത്തിരക്ക് കൊണ്ടാണ് എല്ലാ പദ്ധതികളും സൂക്ഷ്മമായി പരിശോധിക്കുവാൻ സാധിക്കാതിരുന്നതെന്നും ആയത് മനപൂർവ്വമല്ലായിരുന്നുവെന്നുമുള്ള സെക്രട്ടറിയുടെ വാദം പരിഗണനാർഹമാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെയും, പരിശോധന നടത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പിന്റെയും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും ഇടപെടലുകൾ ഉണ്ടായിരുന്നുവെന്നും എന്നാൽ നിർവ്വഹണോദ്യോഗസ്ഥർക്കും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനും വേണ്ടത്ര അറിവോ, പരിജ്ഞാനമോ ഇല്ലായിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥ പദ്ധതിയുടെ നടത്തിപ്പിന് കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട് എന്നതിനാലാണ് പദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ സെക്രട്ടറി ഇടപെടാതിരുന്നതെന്ന വാദം അംഗീകരിക്കാവുന്നതാണെങ്കിലും കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം വ്യക്തമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഖാദി ബോർഡിനെ ചുമതലപ്പെടുത്തി പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും, എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി ടെണ്ടർ നടത്തുകയും ചെയ്തു എന്നാണ് സെക്രട്ടറി വിശദീകരിച്ചിട്ടുള്ളത്. 30.01.2012-ലെ പത്രപ്പരസ്യം പ്രകാരം 07.02.2012-നാണ് ടെണ്ടർ നടക്കുന്നത്. എന്നാൽ സിംഗിൾ ടെണ്ടർ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാമരാജ്യ നിർമ്മാൺ സംഘ് ഭട്ടലഗഡുവിനെ ചുമതലപ്പെടുത്തുന്നത് 29.02.2012-ലെ 19/12(20) നമ്പർ പഞ്ചായത്ത് തീരുമാനത്തിലൂടെയാണ്. അതു കൊണ്ട് തന്നെ ആദ്യം ഖാദി ബോർഡിനെ ചുമതലപ്പെടുത്തുകയും, പിന്നീട് പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി ടെണ്ടർ നടത്തുകയും ചെയ്തു എന്ന സെക്രട്ടറിയുടെ വാദം നിരക്കുന്നതല്ല. 9/12(17) തീരുമാനത്തിനു ശേഷം 19/12(20) നമ്പർ തീരുമാന പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമരാജ്യ നിർമ്മൽ സംഘ ഗഡു,ഡിണ്ടിഗൽ ,തമിഴ്നാട് എന്ന സ്ഥാപനത്തിൽ നിന്ന് പ്രൊജക്ട് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള ഖാദി ബോർഡ് കോഴിക്കോട് എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ധൃതിപിടിച്ചെടുത്ത ഈ തീരുമാനത്തിന് നിർവ്വഹണോദ്യോഗസ്ഥയുടെ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായമോ ഇടപെടലോ കണ്ടെത്താനായിട്ടില്ലെന്ന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ ക്രമക്കേടുകളിന്മേൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽത്തന്നെ പ്രതിപാദിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ. പത്മരാജൻ പി.ടി.യുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. പത്മരാജൻ പി.ടി. 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, സേവനത്തിലുള്ള ജീവനക്കാർക്കെതിരെ മാത്രമേ കെ.എസി.എസ്. (സിസി&എ) ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്ക നടപടി തീർപ്പാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന തീരുമാനമെടുത്ത് പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ. ഭാഗം 3 ചട്ടം 59(ബി) പ്രകാരം ശ്രീ. പത്മരാജൻ പി.ടി.യുടെ പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ സ്ഥിരമായി കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. പത്മരാജൻ പി.ടി. പരാമർ ശം (9) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. പത്മരാജൻ പി.ടി.യുടെ പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പയ്യോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പത്മരാജൻ പി.ടി.ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

   (പരാമർശം (1) മുതൽ (9) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ശ്രീ. പത്മരാജൻ പി.ടി. മുൻ സെക്രട്ടറി, പയ്യോളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, പയ്യോളി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/149/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ